(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പുതിയ വ്യവസായ നയം

105 [2581] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ വ്യവസായ നയത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ 2001-ൽ പ്രഖ്യാപിച്ച കരട് വ്യവസായ നയത്തിന്റെ ഭാഗമായി വ്യവസായ മേഖലയിൽ അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കിയിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനും പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനുമായി കൂടുതൽ സ്വകാര്യ മൂലധനം കൊണ്ടുവരുന്നതിനും പുതിയ യന്ത്ര സാമഗ്രികളും പുത്തൻ സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി പുതിയ വിപണികൾ കണ്ടെത്തി കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സാദ്ധ്യതകൾ വർദ്ധിച്ചു.

വ്യവസായ മേഖലയിൽ വിവിധ പ്രോത്സാഹനങ്ങൾ നൽകിയതിലൂടെ കൂടുതൽ വ്യവസായങ്ങൾ സ്ഥാപിതമാവുകയും തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുകയും ചെയ്തു. ഏകജാലക സംവിധാനം പ്രാവർത്തികമാക്കുന്നതിനായി നടപടിക്രമങ്ങൾ ആവിഷ്കരിക്കുകയും ഇതോടനുബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുമുണ്ടായി. കേരളത്തിൽ ഒരു നിക്ഷേപക സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടികളെടുത്തതിലൂടെ സമഗ്രമായ ഒരു തൊഴിൽനയത്തിന് വഴിയൊരുക്കി. വിവിധ മേഖലകളിൽ നിക്ഷേപ സാദ്ധ്യതയുള്ള പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആഗോള നിക്ഷേപക സമ്മേളനം സംഘടിപ്പിച്ചതിലൂടെ കേരളം ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി മാറിക്കഴിഞ്ഞു.

വ്യവസായ സംരംഭകർക്ക് നൽകുന്ന സൗകര്യങ്ങൾ

106 [2582] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പുതിയതായി വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന വ്യവസായ സംരംഭകർക്ക് ആവശ്യമായ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സഹായങ്ങളുമാണ് സർക്കാർ നൽകിവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) വ്യവസായം തുടങ്ങാനാഗ്രഹിക്കുന്നവർക്ക് സൗജന്യ നിരക്കിലോ ലീസിനോ ആവശ്യമായ ഭൂമി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭകർക്ക് വായ്പാ സൗകര്യം ലഭിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായങ്ങൾ നടത്താൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി, വൈദ്യുതി, റോഡ്, വെള്ളം തുടങ്ങി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വികസിപ്പിച്ചെടുക്കുന്ന ഡവലപ്മെന്റ് ഏരിയ/പ്ലോട്ട് എന്നീ സ്ഥലങ്ങൾ വ്യവസായ സംരംഭകർക്ക് നൽകിവരുന്നുണ്ട്.

(ബി) വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കമ്പോള വിലയിലും വളരെ താഴ്ന്ന നിരക്കിൽ ആണ് വ്യവസായ ഡവലപ്മെന്റ് ഏരിയായിലും പ്ലോട്ടിലും ഭൂമി നൽകുന്നത്. തവണ വ്യവസ്ഥയിലും, മുഴുവൻ തുക ഒന്നായി അടച്ചും ഭൂമി നൽകുവാൻ വ്യവസ്ഥയുണ്ട്.

(സി) സർക്കാർ സ്ഥാപനങ്ങളായ കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി., ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, സ്വകാര്യ ബാങ്കുകൾ എന്നിവ വഴിയും വായ്പകൾ ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. വായ്പ ലഭിക്കുന്നതിനാവശ്യമായ സാങ്കേതിക സാധ്യതാ റിപ്പോർട്ടും മറ്റു സഹായങ്ങളും വ്യവസായ വകുപ്പുവഴി ലഭ്യമാണ്. വ്യവസായ വകുപ്പുവഴിയും, സ്മാൾ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇൻഡ്യ വഴിയും മാർജിൻ മണി വായ്പയും അനുവദിക്കുന്നുണ്ട്.

(ഡി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ള ഭൂമി കുറഞ്ഞ വിലയ്ക്ക് നൽകുന്നു. ലൈസൻസുകളും മറ്റു അനുമതി പത്രങ്ങളും വളരെ എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം, സംരംഭകത്വം വളർത്തിയെടുക്കുന്നതിനുള്ള 'സംരംഭക വികസന ക്ലബ്ബുകൾ', സമൂഹ വ്യവസായ വികസന പദ്ധതി ഇൻഡസ്ട്രീസ് റിസോഴ്സ് ലൊക്കേറ്റർ, സാങ്കേതികവിദ്യാ വികസന പദ്ധതി, മൂലധന നിക്ഷേപ സബ്സിഡി, മാർജിൻ മണി വായ്പ, സംരംഭകത്വ വികസന പരിപാടികൾ, സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങി വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുള്ള പല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി, വ്യവസായ ഇൻക്യുബേറ്റർ പദ്ധതി, വ്യവസായ ഭൂമി പതിച്ചുകൊടുക്കുക വ്യവസായത്തിന് ഭൂമി അനുവദിക്കുക തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച നിയമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

ആഗോള നിക്ഷേപക മേളയിലെ വിദേശ മൂലധന നിക്ഷേപം

107 [2583] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമാദ്യം കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക മേളയിൽ വിദേശ മൂലധന നിക്ഷേപം സംബന്ധിച്ച് എത്ര ധാരണാ പത്രങ്ങളിൽ സർക്കാർ ഒപ്പു വച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly